LIBRARY ARCHIVES Kerala Legislative Assembly

തെരുവുനായ്ക്കളെ കൊല്ലുന്നതിന് നടപടി

172 (5525) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ ജൂൺ മാസം മാത്രം 25000 (ഇരുപത്തയ്യായിരം) പേരെ നായ്ക്കൾ കടിച്ച് മുറിവേൽപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മനുഷ്യ ജീവന് ഭീഷണിയായ നായ്ക്കളെ അടിയന്തരമായി കൊല്ലുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; പഞ്ചായത്തുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് ഇതിനാവശ്യമായ ഉത്തരവുനൽകി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

(സി) നായ്ക്കളെ വീട്ടിൽ വളർത്തുന്നതിന് ആവശ്യമായ ലൈസൻസുകളും, പരിശോധനകളും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ജില്ലാ വെറ്ററിനറി ആശുപത്രിയിൽ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുക, മരുന്നുകൾ ആവശ്യത്തിന് ലഭ്യമാക്കുക, ABC പ്രോഗ്രാം ഫലപ്രദമായി നടത്തുന്നതിനാവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് പഞ്ചായത്ത് തലത്തിൽ ആസൂത്രണം ചെയ്യുന്ന പദ്ധതികൾ. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്തിലെ ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ABC പ്രോഗ്രാം സംസ്ഥാനത്ത് ഒട്ടാകെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പഞ്ചായത്തുകളുടെ പ്രവർത്തനം

173 (5526) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ പുതിയ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ;

(ബി) പഞ്ചായത്തുകളിൽ വാർഡ് തലത്തിൽ ഫെസിലിറ്റേറ്റർമാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;